**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2971/18/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം , 22.11.2018

---

പരാമർശം :- 1) കാട്ടാക്കട ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 08/02/2018-ലെ 10(2)-ാം നമ്പർ തീരുമാനം

2) കാട്ടാക്കട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 04/07/2018-ലെ എ 2-900/18-ാം നമ്പരിലുള്ള കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 26.07.2018 ലെ സി2-16303/18-ാം നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ റീ സർവ്വേ നം. 13 /3 (പഴയ സർവ്വേ നമ്പർ 1968 /1 -1 , 1977 /1 -3 ) ഉൾപ്പെട്ട 48.45 ആർ സ്ഥലത്തുനിന്നും 60 സെന്റ് സ്ഥലം റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി പൊതുമരാമത്തു വകുപ്പിന് വിട്ടുനല്കാൻ പരാമർശം (1) പ്രകാരം കാട്ടാക്കട ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് പരാമർശം (3) പ്രകാരം സ്ഥലം വിട്ടു നൽകുന്നതിന് സർക്കാർ അനുമതി തേടുകയുണ്ടായി.

കാട്ടാക്കട ഗ്രാമപഞ്ചായത്ത് പൊതു മരാമത്ത് വകുപ്പിന് വിട്ടുനല്കാനുദ്ദേശിക്കുന്ന 60 സെന്റ് ഭൂമി ഗ്രാമപഞ്ചായത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി വില കൊടുത്തു വാങ്ങിയതും പഞ്ചായത്തിന്റെ പേരിൽ കരം ഒടുക്കി വരുന്നതുമാണ്. എന്നാൽ ടി സ്ഥലം സ്റ്റേഡിയം നിർമ്മാണത്തിന് അനുയോജ്യമല്ലെന്നും പഞ്ചായത്തിന് നിലവിൽ രണ്ട് വാർഡുകളിൽ സ്റ്റേഡിയവും പൊന്നറ വാർഡിൽ സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലമുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കാട്ടാക്കട ഗ്രാമപഞ്ചായത്ത് വിലയ്ക്കുവാങ്ങിയതും കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ റീ സർവ്വേ നം. 13 /3 ൽ ഉൾപ്പെട്ടുവരുന്നതുമായ 60 സെന്റ് സ്ഥലം റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി പൊതുമരാമത്തു വകുപ്പിന് വിട്ടുനൽകുന്നതിന്, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം, കാട്ടാക്കട ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കാട്ടാക്കട ഗ്രാമപഞ്ചായത്ത് , തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ്, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ